പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4022 — 19.03.2018-ൽ മറുപടിക്ക്

## വർക്കല മണ്ഡലത്തിൽ ഓഖി ദുരന്തബാധിതർക്കുള്ള സഹായങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. ജോയി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | വർക്കല മണ്ഡലത്തിൽ ഓഖി ദുരന്തം മൂലം എത്രപേർക്ക് കെടുതികൾ സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ), (ബി) & (സി) | ഓഖി ദുരന്തത്തിൽ വർക്കല മണ്ഡലത്തിൽ 154 പേർക്ക് കെടുതികൾ സംഭവിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ നിരക്കിൽ ധനസഹായം നൽകിയത് പ്രകാരം ടി മേഖലയിൽ 10,36,000/- രൂപ അനുവദിക്കുകയും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുകയും ചെയ്തിരുന്നു. വീടിനു നാശനഷ്ടം സംഭവിച്ചതും, വെള്ളം കയറി വീട്ടുപകരണങ്ങൾ നശിച്ചവർക്കുമായി നാളിതുവരെ 795800/- രൂപ റവന്യൂ വകുപ്പ് മുഖേന അനുവദിച്ചിട്ടുണ്ട്. വെട്ടൂർ വില്ലേജിൽ വീടുകളിൽ വെള്ളം കയറിയ 22 കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിൽ മാറ്റിപാർപ്പിച്ചിട്ടുണ്ട്. ടി ഇനത്തിൽ 25174/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇടവ, വർക്കല വില്ലേജുകളിൽ വീടിനു മുകളിലും റോഡിലും മരങ്ങൾ കടപുഴകി വീണത് നീക്കം ചെയ്ത ഇനത്തിലും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുമായി 33250/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ ടി മണ്ഡലത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ചുള്ള പരാതികളൊന്നും റവന്യൂ/ഫിഷറീസ് വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) | വർക്കല മണ്ഡലത്തിൽ ഓഖി ദുരന്തബാധിതർക്ക് സഹായങ്ങൾ എത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിരുന്നുവെന്നും ആയതിലേക്ക് വിനിയോഗിച്ച ഫണ്ട് തുക എത്രയെന്നും വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത ദുരന്തം മൂലം വർക്കല മണ്ഡലത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർ എത്രയെന്ന് വ്യക്തമാക്കാമോ; എത്ര രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ